**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 957** **09-10-2024 - ൽ മറുപടിയ്ക്ക്**

**പരിയാരം പഞ്ചായത്തിലെ കുരങ്ങുശല്യം ഒഴിവാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ** | | **ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | തളിപ്പറമ്പ് മണ്ഡലത്തിലെ പരിയാരം പഞ്ചായത്തിലെ കുരങ്ങുശല്യം ലഘൂകരിക്കുന്നതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | കണ്ണൂർ ഡിവിഷന് കീഴിലെ തളിപ്പറമ്പ് റെയിഞ്ചിൽപ്പെട്ട പരിയാരം പഞ്ചായത്തിലെ കുരങ്ങുശല്യം ലഘൂകരിക്കുന്നതിന്റെ ഭാഗമായി, വഴിയാത്രക്കാരും മറ്റും കുരങ്ങുകൾക്ക് ഭക്ഷ്യവസ്തുക്കൾ നൽകുന്നത് തടയുന്നതിനായി പട്രോളിംഗ് ശക്തിപ്പെടുത്തുകയും ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തുവരുന്നുണ്ട്. ആൾപ്പാർപ്പില്ലാത്ത സ്വകാര്യസ്ഥലങ്ങൾ കാട്ടുമൂടി കിടക്കുന്നത് കുരങ്ങു ശല്യത്തിന് കാരണമാകുന്നതിനാൽ അത്തരം സ്ഥലങ്ങളിലെ കാട് നീക്കം ചെയ്യുന്നതിന് നിയമാനുസൃത നടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ട പഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന് പുറമേ കുരങ്ങുകൾ ഷെഡ്യൂൾ 1-ൽപ്പെട്ട വന്യജീവിയായതിനാൽ ജനങ്ങൾക്കും ജീവനോപാധികൾക്കും പ്രശ്നം സൃഷ്ടിക്കുന്ന കുരങ്ങുകളെ കൂടുവെച്ച് പിടികൂടി പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. കുരങ്ങുകളുടെ ആക്രമണത്തിൽ കാർഷിക വിളകൾക്ക് ഉണ്ടാകുന്ന നാശനഷ്ടത്തിന് അർഹമായ നഷ്ടപരിഹാരം നൽകി വരുന്നുണ്ട്. |
| (ബി) | പ്രസ്തുത പ്രദേശത്ത് കുരങ്ങുശല്യം ഒഴിവാക്കുന്നതിനായി കൂട് സ്ഥാപിക്കുന്നതിൽ വീഴ്ച വരുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥർക്ക് എതിരെ നടപടി സ്വീകരിക്കാമോ? | (ബി) | ശ്രദ്ധയിൽപെട്ടിട്ടില്ല . തളിപ്പറമ്പ് മണ്ഡലത്തിലെ പരിയാരം പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലെ ജനങ്ങൾക്കും ജീവനോപാധികൾക്കും കുരങ്ങുകൾ പ്രശ്നം സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 1972-ലെ വന്യജീവി (സംരക്ഷണ) നിയമത്തിലെ സെക്ഷൻ 11 (1) (a) പ്രകാരം കൂട്ടവച്ചോ, drop net ഉപയോഗിച്ചോ പിടികൂടി അനുയോജ്യമായ ആവാസ വ്യവസ്ഥയിൽ തുറന്നുവിടുന്നതിന് ചീഫ് വൈൽഡ്ലൈഫ് വാർഡന്റെ 04.10.2024 തീയതിയിലെ KFDHQ-7293/2024/CWW/WL1 നടപടി ഉത്തരവ് |

| | | | |
|---|---|---|---|
| | | | പുറപ്പെടുവിച്ചിട്ടുണ്ട്. തുടർനടപടികൾ ഫീൽഡ് തലത്തിൽ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ